LIBRARY ARCHIVES Kerala Legislative Assembly

9.30 A M]

## II റൂളിംഗ്

### അഴിമതിയാരോപണം ഉന്നയിക്കുന്നത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ : ഇന്നിവിടെ ഒരു അടിയന്തപ്രമേയത്തിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. "പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ, വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും വ്യക്തികളുടെ ഔദ്യോഗിക നിലയിലോ, പൊതുകാര്യ നിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തെയോ നടപടിയെയോ കുറിച്ച് പരാമർശിക്കാൻ പാടില്ലാത്തതുമാകുന്നു" എന്നാണ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 52(v) വ്യക്തമാക്കുന്നത്. അടിയന്തരപ്രമേയം വന്ന സാഹചര്യത്തിൽ അത് അനുവദിക്കുന്നു. പക്ഷെ അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോഴും അതുന്നയിക്കുമ്പോഴും ഈ വക കാര്യങ്ങൾകൂടി വളരെ വ്യക്തമായി ശ്രദ്ധിക്കണമെന്ന് ചെയർ പറയുകയാണ്. അതോടൊപ്പം ചെയർ ഒരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തട്ടെ. ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ, പ്രത്യേകിച്ച് അഴിമതി ആരോപണങ്ങളുന്നയിക്കുമ്പോൾ ചെയറിന് നേരത്തെ തന്നെ എഴുതിത്തരണമെന്നും അതിന്റെ കോപ്പി ബന്ധപ്പെട്ട മന്ത്രിമാർക്ക് കൊടുക്കണമെന്നും ഇവിടെ കീഴ്വഴക്കമുണ്ട്. അതാണ് നമ്മുടെ ചട്ടത്തിൽ പറയുന്നത്. നിർഭാഗ്യമെന്നുപറയട്ടെ പലപ്പോഴും ചെയറിന് എഴുതി ത്തരാതെയും ബന്ധപ്പെട്ട മന്ത്രിമാർക്ക് അതിന്റെ കോപ്പി കൊടുക്കാതെയും ഇവിടെ ആരോപണങ്ങൾ ഉന്നയിക്കാറുണ്ട്. അത് ശരിയല്ല. ഒരു ആരോപണമുന്നയി ക്കുമ്പോൾ ബന്ധപ്പെട്ട മന്ത്രിക്ക് അതിനെക്കുറിച്ച് അന്വേഷിച്ച് സഭയിൽ അപ്പോൾ ത്തന്നെ മറുപടി പറയാനുള്ള സൗകര്യം കൊടുക്കണം. ബന്ധപ്പെട്ട മന്ത്രിക്കും ചെയറിനും എഴുതിത്തരാതെ ഉന്നയിക്കുന്നത് ശരിയല്ല. കേരള നിയമസഭയ്ക്ക് നമ്മുടേതായ ഒരു ഉന്നത നിലവാരമുണ്ട്. അത് പ്രത്യേകം കാത്തുസൂക്ഷിക്കാൻ ബന്ധപ്പെട്ട എല്ലാ മെമ്പർമാരും ശ്രദ്ധിക്കണമെന്ന് ചെയർ എടുത്തുപറയുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പ്രതിപക്ഷം എഴുതിത്തന്നതിനുശേഷം മാത്രമേ ആരോപണങ്ങൾ ഉന്നയിക്കാറുള്ളൂ. ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങളാണ് എഴുതിത്തരാതെ ആരോപണം ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ചെയർ പ്രതിപക്ഷത്തോടുമാത്രമല്ല പറഞ്ഞത്, പൊതുവെ സഭയിൽ പറഞ്ഞതാണ്. ആര് ആരോപണമുന്നയിച്ചാലും അത് നേരത്തെ ചെയറിനും ബന്ധപ്പെട്ട മന്ത്രിക്കും എഴുതിക്കൊടുക്കേണ്ടതാവശ്യമാണ്. അങ്ങനെ കൊടുത്താൽമാത്രമേ അതിനെപ്പറ്റി അന്വേഷിക്കുന്നതിനും സഭയിൽ മറുപടി പറയുന്നതിനും കഴിയുകയുള്ളൂ. അത് ബഹുമാന്യരായ എല്ലാ അംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് ചെയർ പറയുന്നത്.

## III അടിയന്തരപ്രമേയം

### അഴിമതിയാരോപണം

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ എഴുതി തന്നിരിക്കുന്നതാണ് ഞാൻ വായിക്കുന്നത്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഓഫീസിൽ അഴിമതി നടക്കുകയാണെന്നും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട മൂന്നംഗങ്ങളും അഴിമതിക്കാരാണെന്നും മറ്റു മന്ത്രിമാരുടേതുൾപ്പെടെ അഴിമതികൾ സംബന്ധിച്ച വ്യക്തമായ തെളിവുകൾ തന്റെ പക്കലുണ്ടെന്നും ശ്രീ കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. ഇന്നലെ നിയമസഭയിൽ വെളിപ്പെടുത്തിയതും ചില മന്ത്രിമാർ അഴിമതി നടത്തുന്നത് സംബന്ധിച്ച് സഭയിൽ വെളിപ്പെടുത്തുമെന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ നേരത്തെ പ്രഖ്യാപിച്ചിരുന്നിട്ടും അതിന്മേൽ അന്വേഷണം ഏർപ്പെടുത്താതിരുന്നതും സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽ കുമാർ, എ. പ്രദീപ് കുമാർ, ജോസ് തെറ്റയിൽ,എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്നലെ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിനിടയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി ശ്രീ. കെ. ബി. ഗണേഷ് കുമാർ ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. വളരെ vague ആയി പറഞ്ഞ സംഗതികളാണ്. മൂന്ന് സ്റ്റാഫ് അംഗങ്ങൾ അഴിമതിക്കാരാണെന്നും അഴിമതി നടക്കുന്നുയെന്നും മന്ത്രിയുടെ നിയോജകമണ്ഡലത്തിൽ പ്രവർത്തനങ്ങൾ കൂടിപ്പോയി എന്നുമാണ് പറഞ്ഞത്. മന്ത്രി അപ്പോൾത്തന്നെ അത് നിഷേധിക്കുകയും ചെയ്തു. കഴിഞ്ഞ മൂന്നര വർഷക്കാലമായി പൊതുമരാമത്ത് വകുപ്പ് നിരവധി പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി ജോലികൾ തീർത്ത് മുന്നോട്ടുപോകുകയാണ്. ഇ-ടെണ്ടർ, ഇ-പേമെന്റ് എന്നിവ നടപ്പിലാക്കി വകുപ്പിന്റെ പ്രവർത്തനം സുതാര്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അഴിമതിക്കുള്ള സാധ്യതകൾ താഴെത്തട്ടിൽ